LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. അസാപ്പ് പദ്ധതിയുടെ നടത്തിപ്പിനായി ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് 100 മില്ല്യൺ അമേരിക്കൻ ഡോളേഴ്സിന്റെ വായ്പ കേന്ദ്ര സർക്കാർ വഴി നൽകുന്നതിനുള്ള വായ്പ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി സ്കൂളിലേയും കോളേജിലേയും വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനം നൽകുകയാണ് അസാപ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അടിസ്ഥാന വിവര സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലും വിവിധതരം സ്കിൽ കോഴ്സുകളിലും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

(സി) നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിക്കേറ്റീവ് സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി വിവിധ നിയോജക മണ്ഡലങ്ങളിൽ കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇതുവരെ 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഇ) 15000 മുതൽ 20000 ചതുരശ്ര അടി വിസ്തീർണമുള്ള സ്കിൽ ട്രെയിനിംഗ് സെന്ററുകളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. ഇവയിൽ ഹെവി മെഷിനറി, ഐ.ടി., പ്രിവിഷൻ, ആക്ടിവിറ്റി എന്നിവ അടിസ്ഥാനമാക്കിയ തൊഴിൽ പരിശീലനത്തിന് സൗകര്യമുണ്ടായിരിക്കും.

സ്വകാര്യ സ്കൂൾ മാനേജ്മെന്റുകളുടെ അധികാര ദുർവിനിയോഗം

27 (1081) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചില സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾ അധികാരം ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ മാനേജർമാരുടെ ഇത്തരം ദുർനടപടികൾക്ക് കൂട്ടുനിൽക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷ് ആത്മഹത്യ ചെയ്തത് മാനേജരുടെ പീഡനം മൂലമാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ;

(ഡി) അദ്ധ്യാപകനെ ആദ്യം സസ്പെന്റ് ചെയ്യുന്നതിനും പിന്നീട് സ്കൂളിൽ നിന്നും പുറത്താക്കുന്നതിനും തക്ക കുറ്റം അദ്ധ്യാപകൻ ചെയ്തതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ഡി.ഇ.ഒ.യുടെ റിപ്പോർട്ട് എന്തായിരുന്നു ;

(ഇ) അദ്ധ്യാപകനെതിരെ മാനേജർ വ്യാജരേഖ ചമച്ചാണ് തെളിവുണ്ടാക്കിയ തെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) വ്യാജ തെളിവുകളുണ്ടാക്കി മാനേജർ എടുക്കുന്ന അച്ചടക്ക നടപടികൾക്ക് യാതൊരു പരിശോധനയും കൂടാതെ വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ അംഗീകാരം നൽകിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ജി) അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന് മാനേജരുടെ അധികാരം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച ചട്ടത്തിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട് .

(സി) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗത്തിനു വേണ്ടി പ്രോജക്ട് ഓഫീസർ 18-11-2014-ൽ മൂന്നിയൂർ ഹൈസ്കൂളിൽ വച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ശ്രീ. അനിഷിന്റെ ഭാഗത്തുനിന്നും തെറ്റുകൾ സംഭവിച്ചതായി ജില്ലാ വിദ്യാഭ്യാസ ആഫീസർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിൽ അച്ചടക്കനടപടി ശിപാർശ ചെയ്യപ്പെട്ടിരുന്നു.

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗം 18-11-2014-ൽ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(എഫ്) സർക്കാരിൽ ലഭ്യമാകുന്ന ആക്ഷേപങ്ങൾ യഥാസമയം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) നിലവിൽ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly